# കരുണയിലെ അംഗിരസം : ഒരു പുനർവായന

എൻ. ഉർസുല *

ഏതൊരു സാഹിത്യകാരൻെറയും അവസാനകാലകൃതികൾ അവരുടെ മാസ്ററർപീസുകൾ ആകാനുള്ള സാധ്യത കൂടുതലാണ്. കാരണം അവരുടെ പ്രതിഭയും വ്യുത്പത്തിയും അഭ്യാസവും അതിൽ സമ്മേളിച്ചിരിക്കും.അത്തരത്തിൽ നിരൂപകലോകം മഹാകവി കുമാരനാശാൻെറ മാസ്ററർപീസായി കാണുന്ന കൃതിയാണ് കരുണ. ആശാൻെറ ഖണ്ഡകാവ്യങ്ങളിൽ ഏററവുമധികം ജനപ്രീതി നേടിയെടുത്തിട്ടുള്ളതും കരുണ തന്നെയാണ്. ബുദ്ധഭിക്ഷുവായ ഉപഗുപ്തനോട് വേശ്യയായ വാസവദത്തക്ക് തോന്നുന്ന പ്രണയമാണ് ഈ കൃതിയുടെ ഇതിവൃത്തം.പവിത്രീകൃതമായ രാഗത്തിൻെറ പ്രകടനപത്രികയായ കരുണയിലെ അംഗിരസത്തെ സംബന്ധിച്ച് സാഹിത്യനിരൂപകൻമാർക്കിടയിൽ ഭിന്നാഭിപ്രായങ്ങളാണ് നിലനിൽക്കുന്നത്. എന്നാൽ കരുണയിലെ അംഗിരസമായി ഇന്ന് അംഗീകൃതമായിരിക്കുന്നത് ശാന്തമാണ്. പ്രൊഫ.ജോസഫ് മുണ്ടശ്ശേരി കരുണയിലെ രസം ഒരുതരം സ്നേഹമാണെന്ന് പറയുന്നു. ശാന്തം, സ്നേഹം എന്നിങ്ങനെയുള്ള കണ്ടെത്തലുകൾ ഏകപക്ഷീയമായ ഒരു വീക്ഷണകോണിൽ നിന്നുണ്ടായതാണ്. ഉപഗുപ്തൻ എന്ന നായകനെ മഹത്ത്വവൽക്കരിച്ചുകൊണ്ടും നായികയായ വാസവദത്തയെ നീചയായി മുദ്ര കുത്തിയുമാണ് ഈ പഠനങ്ങൾ നടത്തിയിരിക്കുന്നത്.എന്നാൽ വാസവദത്താകേന്ദ്രിതമായ ഒരു പഠനം വ്യത്യസ്തമായ ഫലമായിരിക്കും നല്കുക. അത്തരത്തിലുള്ള ഒരു ശ്രമമാണ് ഈ പ്രബന്ധം.

* *ഗവേഷക, മലയാളവിഭാഗം, ശ്രീ കേരളവർമ്മ കോളേജ്, തൃശ്ശൂർ*

## 1. ആമുഖം

ചർവ്വിതചർവ്വണങ്ങളായ പ്രമേയങ്ങളും കുത്തഴിഞ്ഞ ലൈംഗികവികാരങ്ങളും നിറഞ്ഞുനിന്നിരുന്ന മലയാളസാഹിത്യലോകത്തിന് കാല്പനികപ്രേമത്തിൻെറ സുശക്ത മായ ആവിഷ്കാരം കാണാൻ കഴിഞ്ഞത് കുമാരനാശന്റെ കവിതകളിലൂടെയായിരുന്നു. കാല്പനികപ്രേമത്തിന്റെ പ്രമുഖലക്ഷണങ്ങളായ വിരഹവേദനയും ഉദാത്തമായ പ്രണയ സങ്കൽപ്പവും ആദർശാത്മകമായ രതിഭാവത്തിൻെറ ആവിഷ്ക്കാരങ്ങളും ആശാൻെറ പ്രണയകാവ്യങ്ങളിലുണ്ട്. കരുണയും ഈ അഭിപ്രായത്തിൽനിന്നും മുക്തമല്ല.എന്നാൽ കരുണയിലെ അംഗിരസസംബന്ധിയായ ചർച്ചകൾ വ്യത്യസ്തങ്ങളായ നിരവധി അഭിപ്രാ യങ്ങൾക്ക് വേദിയൊരുക്കിയിട്ടുണ്ട്. കരുണയിലെ അംഗിരസത്തെക്കുറിച്ചുള്ള ചർച്ച ആസ്വാ ദനത്തിൻെറ സങ്കുചിതത്വത്തിന് തെളിവായി പല നിരൂപകരും എടുത്തുകാണിക്കുന്നുണ്ട്. പക്ഷേ അതൊരുതരം പാരമ്പര്യനിഷേധമാണ്.പഴമയെ മുറുകെ പിടിക്കുന്നത് പുതുമയുടെ നിഷേധമല്ല.പഴമയും പുതുമയും ഒരുപോലെ സമന്വയിക്കുന്ന ഒരു ചിന്താപദ്ധതിയാണ് ഇന്ന് ഭാരതത്തിനാവശ്യം.

ഭാരതീയസാഹിത്യത്തിൻെറ ആധാരമാണ് ഭരതമുനിയുടെ നാട്യശാസ്ത്രം. ഭാരതീയവും ഭാരതീയേതരവുമായ നിരവധി ചിന്തകൾക്ക് തുടക്കം കുറിക്കുന്നതിൽ ഈ കൃതിയും നിർണ്ണായകപങ്കുവഹിച്ചിട്ടുണ്ട്. ആധുനികകാലത്തുപോലും ഒട്ടേറെ പഠനങ്ങൾക്കും ഗവേ ഷണങ്ങൾക്കും സാധ്യതയുള്ള ഒരുപാട് വിഷയങ്ങൾ അത് കൈകാര്യം ചെയ്യുന്നുണ്ട്. അതുകൊണ്ടുതന്നെ നാട്യശാസ്ത്രത്തിലെ രസവിചാരം ഇന്നും പ്രസക്തമായ ഒരു പഠനവിഷയമാണ്. കാരണം ഏത് കാലഘട്ടത്തിൽ രചിക്കപ്പെട്ടതായാലും ഏത് പ്രസ്ഥാനത്തിൽപ്പെട്ടതായാലും ഒരു കൃതി വായിക്കുന്ന സഹൃദയനിൽ ഏതെങ്കിലും തരത്തിലുള്ള അനുഭൂതി ജനിപ്പിക്കാൻ ആ കൃതിക്കു കഴിയും.ആ അനുഭൂതി തന്നെയാണ് രസവും.

കരുണയിലെ രസവിചാരത്തോടൊപ്പം ഈ കൃതിയെ അപനിർമ്മിക്കുക കൂടി ചെയ്തുകൊണ്ടുള്ളൊരു പഠനമാണിത്. മന:ശാസ്ത്രസമീപനങ്ങളുടെയും നവചരിത്ര വാദദർശനങ്ങളുടെയും പിൻബലത്തോടെയാണ് അപനിർമ്മാണപ്രക്രിയ സാധ്യമാകുന്നത്. കൗടില്ല്യൻെറ അർത്ഥശാസ്ത്രവും ബുദ്ധൻെറ ധർമ്മപദവുമാണ് സഹപാഠങ്ങളായി തിരഞ്ഞെടുത്തിരിക്കുന്നത്. ഭരതൻെറ രസസിദ്ധാന്തവും ആധുനികസമീപനങ്ങളും ഒരു പോലെ സമ്മേളിച്ചിരിക്കുന്നതിനാൽ പാരമ്പര്യവും ആധുനികതയും സമന്വയി പ്പിച്ചുകൊണ്ടുള്ള ഒരു ചിന്താപദ്ധതിയായി ഈ പ്രബന്ധത്തെ കണക്കാക്കാം.

## 2. കരുണ : രസാന്വേഷണവും പുനർവായനയും

### 2.1 മൂലകഥയും കരുണയും

ഡോ.പോൾ കാരസ്സിൻെറ ദ ഗോസ്പൽ ഓഫ് ബുദ്ധയിലെ ഒരു കഥയാണ് കുമാരനാ ശാൻെറ കരുണക്ക് ആധാരം. കരുണയുടെ മുഖവുരയിൽ ആശാൻ തന്നെ അംഗീക രിച്ചുകൊണ്ട് ഈ കഥയുടെ പരിഭാഷ ചേർത്തിട്ടുണ്ട്. മൂലകഥയെ അതേപടി ആവിഷ്ക്കരി

ക്കുകയല്ല ആശാൻ ചെയ്തിരിക്കുന്നത്. കരുണ ഒരു പുന:സൃഷ്ടിയാണ്. ആശാന്റെ സർഗസൃഷ്ടി എന്ന നിലക്കാണ് അതിനെ പഠിക്കേണ്ടതും വിലയിരുത്തേണ്ടതും. മൂലകഥയെ അതേപടിയാണ് ആശാൻ ആവിഷ്ക്കരിച്ചിരുന്നതെങ്കിൽ കരുണയിലെ അംഗിരസം ശാന്തമായിരിക്കുമെന്നതിന് സംശയമില്ല.എന്നാൽ മൂലകഥ ആശാൻ പുനരാവിഷ്ക്കരിച്ചപ്പോൾ അതിൽ അദ്ദേഹത്തിന്റെ കവിമനസ്സും വ്യക്തിജീവിതവും സങ്കൽപ്പലോകവും ഒരുപോലെ സ്വാധീനിക്കപ്പെടുകയും പ്രതിഫലിക്കപ്പെടുകയും ചെയ്യുന്നു.

ലൗകികവും ആത്മീയവുമായ ദ്വന്ദവൃത്തങ്ങൾക്കിടയിൽ കിടന്ന് കറങ്ങുന്ന ഒരു മനസ്സായിരുന്നു ആശാന്റേത്.ആദ്യകാലത്ത് ശൃംഗാരശ്ലോകങ്ങൾ എഴുതിയിരുന്ന ആശാൻ ശ്രീനാരായണഗുരുവിന്റെ ഉപദേശത്താൽ കാവ്യജീവിതത്തിലും വ്യക്തിജീവിതത്തിലും ആത്മീയത കൊണ്ടുവരാൻ ശ്രമിച്ചു. പക്ഷേ ലൗകികാസക്തികൾ അദ്ദേഹത്തെ വിട്ടുമാറിയില്ല.അദ്ദേഹത്തിന്റെ ഉപബോധമനസ്സിൽ ആ ഇച്ഛകൾ അടിഞ്ഞുകൂടിയിരുന്നു. ഉപബോധമനസ്സിലെ ഇച്ഛകൾ മറച്ചുവെക്കാൻ അദ്ദേഹം ശ്രമിച്ചുവെങ്കിലും നാൽപ്പത്തിയാറാം വയസ്സിൽ സ്വന്തം ശിഷ്യയെ വിവാഹം കഴിച്ചതോടുകൂടി ആത്മീയതയെ ലൗകികത കീഴ്പ്പെടുത്തി.പക്ഷേ ലൗകികതയെ മാത്രം സ്നേഹിക്കാൻ ആശാന് കഴിഞ്ഞില്ല. വ്യക്തിജീവിതത്തിൽ തനിക്ക് പൂർണ്ണമായും നേടാൻ കഴിയാത്ത ആത്മീയത തന്റെ നായകൻമാരിലൂടെ ആവിഷ്ക്കരിക്കാൻ അദ്ദേഹം ശ്രമിച്ചു.പകേഷ ജീവിതരതിയുടെ പ്രതീകങ്ങളായ നായികമാരെ ഇകഴ്ത്താനും അദ്ദേഹം യത്നിച്ചുകൊണ്ടിരുന്നു. ഈ മനഃസംഘർഷം കരുണയിലും തെളിഞ്ഞുകാണുന്നുണ്ട്. കഥാപാത്ര ചിത്രീകരണത്തിൽ സംഭവിച്ച പാളിച്ചകൾ ഇതിന് തെളിവാണ്.

### 2.2 പാത്രചിത്രീകരണത്തിലെ പാളിച്ചകൾ

#### 2.2.1. വാസവദത്ത

ഉത്തരമഥുരാപുരിയിലെ അറിയപ്പെടുന്ന വേശ്യയായ വാസവദത്തയെ അവതരിപ്പിച്ചുകൊണ്ടാണ് കരുണ ആരംഭിക്കുന്നത്. അവളെ ധനമോഹിയും ഭോഗലാലസയുമായി ചിത്രീകരിക്കാനാണ് ആശാൻ ശ്രമിച്ചിരിക്കുന്നത്. എന്നാൽ നവചരിത്രവാദത്തെ ആധാരമാക്കി പരിശോധിച്ചാൽ ഏററവുമധികം തെററിദ്ധാരണകൾക്ക് വിധേയയായ ഒരു കഥാപാത്രമായി വാസവദത്ത മാറുന്നു. ബൗദ്ധകാലഘട്ടത്തിൽ നടന്ന കഥയെ ഇരുപതാം നൂററാണ്ടിന്റെ കാഴ്ച്ചപ്പാടിൽ നിന്നുകൊണ്ടാണ് ആശാൻ വീക്ഷിക്കുന്നത്. ഭാരതത്തിലെ ബൗദ്ധകാലഘട്ടമായ ബി.സി മൂന്ന് മുതൽ ആറ് വരെയുള്ള നൂററാണ്ടുകളാണ് കരുണയിലെ രചനാപശ്ചാത്തലം. അക്കാലത്ത് വേശ്യാവൃത്തി മാന്യമായ ഒരു കുലത്തൊഴിലായിരുന്നു.കൗടില്ല്യന്റെ അർത്ഥശാസ്ത്രം അന്നത്തെ ജനകീയജീവിതത്തിന്റെ സത്യസന്ധമായ വിവരണം നൽകുന്നുണ്ട്.അതിലെ 'അധ്യക്ഷപ്രചാരം'എന്ന ഭാഗത്തിൽ ഭരണകൂടത്തിന്റെ അനുവാദമുള്ള തൊഴിലുകളെക്കുറിച്ചും അവ നിയന്ത്രിക്കുന്നവരുടെ അധികാരവ്യവസ്ഥകളെക്കുറിച്ചും വിവരിക്കുന്നുണ്ട്. ഇതിൽ ഗണികാവൃത്തിയും ഉൾപ്പെടുത്തിയിട്ടുണ്ട്. സുകുമാരകലകൾ കൈകാര്യം ചെയ്യൽ, പ്രമുഖർ തമ്മിലുള്ള രഹസ്യ സംഭാഷണങ്ങൾക്ക് വേദിയൊരുക്കൽ, രഹസ്യവിവരങ്ങൾ അധികാരികളെ

അറിയിക്കൽ എന്നിവയെല്ലാം ഗണികാവൃത്തിയുടെ പരിധിയിൽപ്പെടുന്നു. രാജധാനിയിൽ നേരിട്ട് നിയമിതരാവുന്ന വേശ്യകൾ വരെയുണ്ട്. ഭർത്തൃമതിയുടെ വ്യഭിചാരം മാത്രമായിരുന്നു അക്കാലത്ത് വിലക്കപ്പെട്ടിരുന്നത്. ഗണികാവൃത്തിക്ക് വിലക്കില്ല. ഗണിക ഒരാളെ മാത്രം സ്വീകരിക്കുന്നതിന് വിലക്കുണ്ട്. ഗണികകളെ ഉപദ്രവിക്കുന്നവർക്ക് കർശനമായ ശിക്ഷകളും നൽകിയിരുന്നു.

'അനുരക്തരഹോ ധനപതികൾ നിത്യമെൻ കാലിൽ
കനകാഭിഷേകം ചെയ്തു തൊഴുതാൽ പോലും
കനിഞ്ഞൊന്നു കടാക്ഷിപ്പാൻ മടിക്കും കണ്ണുകൾ'

ആണ് തൻേറതെന്ന് പറയുന്നതിലൂടെ വാസവദത്ത ധനമോഹിയല്ലെന്ന് തെളിയുന്നുണ്ട്. പക്ഷേ വാസവദത്ത വണിഗ്വരനെ സ്വീകരിക്കുന്നത് ധനമോഹത്താലാണെന്ന് വരുത്തിത്തീർക്കാൻ കവി ശ്രമിക്കുന്നു. ആ സ്വീകരണം യഥാർത്ഥത്തിൽ അന്നത്തെ കാലഘട്ടത്തിൻെറ ആവശ്യമായിരുന്നു. തുടർന്ന് വാസവദത്തയെ നീചയാക്കാൻ ഒരു കൊലപാതകകഥകൂടി ആശാൻ മെനഞ്ഞെടുക്കുന്നു. ധനമോഹത്താൽ വണിഗ്വരനെ സ്വീകരിക്കുന്നതിനുവേണ്ടി പഴയ കാമുകനായ തൊഴിലാളിത്തലവനെ വാസവദത്ത കൊന്നുകളഞ്ഞു എന്ന് കവി പറയുന്നു. അവിശ്വസനീയമായ ഒരു ഭാഗമാണിത്. കാരണം 'അധ്യക്ഷപ്രചാര'ത്തിലെ 'തൊഴിലധ്യക്ഷ'നായിരിക്കണം ഈ തൊഴിലാളിനേതാവ്. തൊഴിലധ്യക്ഷനും വർത്തകപ്രമാണിയും തമ്മിൽ ആധുനികകാലത്തെ മൊത്തക്കച്ചവടക്കാരനും അയാളുടെ ഉൽപ്പന്നങ്ങൾ വാങ്ങി കൂടുതൽ വിലക്ക് വിൽക്കുന്ന വിൽപ്പനക്കാരനും തമ്മിലുള്ള ബന്ധമാണുള്ളത്.രണ്ടുപേരുടേയും സാമൂഹിക സാമ്പത്തികനിലകൾ തുല്യമായിരിക്കും.മാത്രമല്ല വേശ്യകളെ ഉപദ്രവിക്കുന്നവർക്ക് കടുത്ത ശിക്ഷ നൽകിയിരുന്ന അക്കാലത്ത് കേവലം ഒരു തൊഴിലധ്യക്ഷനെ സർവ്വാധികാരങ്ങളു മുള്ള വാസവദത്ത ഭയപ്പെടേണ്ടതായ യാതൊരു കാര്യവുമില്ല.മൂന്നാം ഭാഗത്തിൽ പൂർണ്ണമായും നിശ്ശബ്ദയാക്കപ്പെടുന്ന അവൾക്ക് തൻെറ ഭാഗം ന്യായീകരിക്കുന്നതിനുള്ള ഒരു അവസരം പോലും ലഭിക്കുന്നില്ല.മൂലകഥയിലും ആശാൻെറ കരുണയിലും വാസവദത്ത പാപിനിയായതിനു കാരണം വേശ്യാവൃത്തിയാണ്. പക്ഷേ അവൾ ജീവിച്ചിരുന്ന കാലഘട്ടത്തിൽ അത് പാപമേ ആയിരുന്നില്ല.യഥാർത്ഥത്തിൽ അവൾക്ക് എന്ത് സംഭവിച്ചുവെന്ന് പറയാനാവില്ല.കാരണം ആ കാലഘട്ടത്തിൽപ്പോലും അവളുടെ കഥക്ക് ഭിന്നപാഠങ്ങൾ ഉണ്ടായിരുന്നിരിക്കാം. ശുദ്ധമായ ചരിത്രമില്ല.ഓരോ ചരിത്രരചനയും ഓരോ പാഠങ്ങൾ സൃഷ്ടിക്കുകയാണെന്ന് നവചരിത്രവാദദർശനങ്ങൾ തെളിയിക്കുന്നു. അങ്ങനെ വാസവദത്തയുടെ ചരിത്രത്തിന് ആശാൻ നിർമ്മിച്ച പാഠമായി കരുണ മാറുന്നു.

### 2.2.2. ഉപഗുപ്തൻ

ഉപഗുപ്തനെ തികഞ്ഞ ആർഹതനായി ചിത്രീകരിക്കാനാണ് ആശാൻ ശ്രമിച്ചിരിക്കുന്നത്. പക്ഷേ സാമ്പ്രദായികസങ്കൽപ്പങ്ങൾ ചാലിച്ചെടുത്ത അലൗകികപ്രഭയിൽ നിന്നും മുക്തനായ പച്ചയായ വെറുമൊരു മനുഷ്യനാണ് അദ്ദേഹം. 'ഉപഗുപ്തൻ' എന്ന

പേര് സൂചിപ്പിക്കുന്നതുതന്നെ അതാണ്. 'ഉപഗുപ്ത:' എന്ന വാക്കിന്' ബുദ്ധന്റെ ഒരു ശിഷ്യൻ' എന്ന അർത്ഥത്തോടൊപ്പം 'പകുതി മറച്ചുവെക്കപ്പെട്ട' എന്നൊരർത്ഥം കൂടിയുണ്ട്. കരുണയിൽ ഈ രണ്ടാമത്തെ അർത്ഥം അന്വർത്ഥമാകുന്നുണ്ട്. അദ്ദേഹത്തിന്റെ വ്യക്തിത്വം പല സന്ദർഭങ്ങളിലും മറച്ചുവെക്കപ്പെടുന്നു. 'മുഗ്ധയുവഭാവ'വുമായി എത്തുന്ന ഉപഗുപ്തനിൽ ഭിക്ഷുവിൻെറ യാതൊരു ഭാവവുമില്ല. ബുദ്ധവിരചിതമായ ധർമ്മപദം എന്ന ഗ്രന്ഥത്തിൽ ഭിക്ഷു, ആർഹതൻ എന്നിവർ എങ്ങനെയായിരിക്കണമെന്ന് പറയുന്നുണ്ട്. മററുള്ളവരുടെ കുററങ്ങൾ നോക്കാത്തവരും പുണ്യപാപചിന്തകൾ കൈവെടിഞ്ഞവരുമാണ് ബുദ്ധഭിക്ഷുക്കൾ. എന്നാൽ വാസവദത്ത പാപിനിയായതിനാലാണ് ഉപഗുപ്തൻ അവളെ ആദ്യം കാണാൻ ചെല്ലാതിരുന്നത്. അവൾക്ക് എന്തെങ്കിലും ആപത്ത് സംഭവിക്കാൻ അയാൾ കാത്തിരിക്കുകയായിരുന്നു. അതുകൊണ്ടാണ് വാസവദത്തക്ക് സംഭവിച്ച വിപത്തിനെ 'അതുലാനുഗ്രഹ'മായി ഉപഗുപ്തൻ കാണുന്നതും. മുക്തി ജീവിതത്തിൽ നിന്നല്ല, ജീവിതത്തിൽ നിന്നുകൊണ്ടു തന്നെയാണ് എന്ന് ബുദ്ധമതം അനുശാസിക്കുമ്പോൾ ഏതു നിമിഷവും മരണത്തിലേക്ക് വഴുതിവീണേക്കാവുന്ന ഒരാൾക്ക് ഇത്തരത്തിൽ ഒരു വിപത്ത് സംഭവിച്ചതിനാൽ ശാശ്വതമായ ശാന്തിയും മാരനെയ്താൽ മുറിയാത്ത മനഃശോഭയും കൈവരിക്കാനാകുമെന്നാണ് ഉപഗുപ്തൻെറ പക്ഷം.

ഇന്ദ്രിയനിഗ്രഹം പൂർണ്ണമായും അനുവർത്തിക്കുന്നവനാണ് ആർഹതൻ. ശമതയും വിപസ്സന (ഉൾക്കാഴ്ച്ച)യുമാണ് അവരുടെ ധ്യാനമുറകൾ. മനസ്സിൻെറ ശാന്തതയും ഏകാഗ്രതയും വളർത്തിയെടുക്കലാണ് ശമത. എന്നാൽ പൂർണ്ണ ആർഹതനാണെന്ന് ആശാൻ പറയുന്ന ഉപഗുപ്തനിൽ ശമതയും ഇന്ദ്രിയനിഗ്രഹവും കാണാൻ സാധിക്കുന്നില്ല. വാസവദത്തയെ കാണുന്ന ഉപഗുപ്തനിൽ സംഭവിക്കുന്ന മാററങ്ങൾ ഇതിന് തെളിവാണ്. 'ഞടുങ്ങിയാരംഗം കണ്ടു പകച്ചു ധന്യൻ മടുത്തു നില്ക്കുന്നു'. എന്നാണ് ആശാൻ പറയുന്നത്. വാസവദത്തയുടെ ശോചനീയാവസ്ഥ കണ്ട് ഉപഗുപ്തൻ 'ഞടുങ്ങി', 'പകച്ചു', 'മടുത്തുനിൽക്കുന്നു'. ഉപഗുപ്തനിൽ ഇന്ദ്രിയനിഗ്രഹമേ കാണുന്നില്ല. വാസവദത്ത മരണമടഞ്ഞതിനുശേഷമുള്ള ഉപഗുപ്തൻെറ അവസ്ഥയും ശ്രദ്ധേയമാണ്. മഥുരാപുരിയിലെ ആ സുന്ദരിയുടെ ശരീരം ഭസ്മമായി മാറുന്നത് 'മിഴിച്ചുനിന്ന'ാണ് ഉപഗുപ്തൻ കാണുന്നത്. ശരീരത്തിൻെറ ക്ഷണികത വാസവദത്തക്ക് ഉപദേശിച്ചുകൊടുത്തവനാണ് ഉപഗുപ്തൻ. എന്നാൽ സ്വന്തം ഉപദേശത്തിൽ അയാൾ തന്നെ തൃപ്തനല്ല എന്ന് തെളിയിക്കുന്നതാണ് 'മിഴിച്ചുനിൽക്കൽ' എന്ന പ്രയോഗം. മാത്രമല്ല വാസവദത്തയുടെ ഭസ്മകദംബം നോക്കിനിൽക്കുമ്പോൾ ഉപഗുപ്തൻെറ കണ്ണിൽ നിന്നും 'ആമലകീഫലം' പോലെ ഒരു അശ്രുകണം അടർന്നുവീഴുന്നുണ്ട്. വാസവദത്തയോട് ചെയ്ത അനീതി ഉപഗുപ്തനിൽ ഉളവാക്കിയ പാപബോധത്തിൻെറ ഫലമായി ഉണ്ടായതാണത്. 'ദു:ഖസത്യജ്ഞനദ്ധീരൻ കരകയില്ല' എന്ന് കവി പറയുന്നു. പക്ഷേ ഉപഗുപ്തൻ കരഞ്ഞുപോയിരിക്കുന്നു. അത് ഉൽക്കടശോകതിക്തമല്ല എന്ന് കവി പറയുന്നുണ്ടെങ്കിലും വിശ്വസിക്കുവാൻ പ്രയാസമുണ്ട്. ദുഃഖസത്യജ്ഞനായവൻ കരയില്ല. പിന്നെ എന്തുകൊണ്ടാണ് ആ കണ്ണുകൾ ബാഷ്പമണിഞ്ഞത്? എന്ന ചോദ്യത്തിന് കവിക്ക് കൃത്യമായ ഉത്തരം നൽകാൻ കഴിയുന്നില്ല. കവിക്ക് ഉപഗുപ്തനെ എങ്ങനെയെങ്കിലും മഹത്ത്വവൽക്കരിക്കണം. അതിനായി ഓരോരോ കാരണങ്ങൾ കൊണ്ടുവരുന്നു. ഒടുവിൽ അത് കരുണകൊണ്ടായി

രിക്കാമെന്ന് കരുതുന്നു. കവി അങ്ങനെ കരുതുന്നതേയുള്ളൂ. അത് കരുണകൊണ്ടുത ന്നെയാണെന്ന് ഉറപ്പിച്ചുപറയാൻ കവിക്ക് സാധിക്കുന്നില്ല.

ബുദ്ധമതത്തിലെ ബ്രഹ്മചതുർവിഹാരങ്ങളിൽ ഒന്നാണ് കരുണ. ബുദ്ധമതം കരുണയെ നിർവ്വചിക്കുന്നത് ഇപ്രകാരമാണ്:

'സ്നേഹത്തിന്റെ അത്യുന്നതരൂപമാണ് കരുണ. അതുകൊണ്ടുതന്നെ ദയയായി താഴ്ത്തിക്കൂടാ. ദയ അനുകമ്പയെ സൂചിപ്പിക്കുന്നു. അനുകമ്പ സദ്ഗുണമാണെങ്കിലും അത് പ്രകടിപ്പിക്കുന്ന ആൾക്ക് സ്വീകർത്താവിനേക്കാൾ വലുപ്പമുണ്ടെന്ന് തോന്നിപ്പിക്കും. ബുദ്ധമതത്തിലെ കരുണയിൽ ദാതാവും സ്വീകർത്താവും കൂടിച്ചേരുന്നു എന്നുപറഞ്ഞാൽ നിന്ദിതരും ചൂഷിതരും ഒക്കെ തന്നോടൊപ്പമുള്ള, തന്റെ തന്നെ സഹോദരൻമാരാണെന്ന് ദാതാവിന് കാണാൻ കഴിയണം എന്നർത്ഥം. തന്നിൽനിന്നും ഭിന്നരല്ല മററുള്ളവർ എന്ന ബോധത്തോടെ നടത്തുന്ന സേവനമാണിത്. '(പവനൻ,സി.പി.രാജേന്ദ്രൻ 2008: 1023). ബുദ്ധമതം അനുശാസിക്കുന്നരീതിയിലുള്ള കരുണ ഉപഗുപ്തന്റെ ഭാഗത്തുനിന്നും വാസവദത്തക്കുണ്ടായിട്ടില്ല. ഉപഗുപ്തനെ കരുണാമയനായി ചിത്രീകരിക്കാനാണ് ആശാൻ ശ്രമിച്ചത്. 'ഉപഗുപ്തന്റെ അനുകമ്പ' എന്ന് കരുണക്ക് ആദ്യം പേരുനൽകാൻ ശ്രമിച്ചതും അതുകൊണ്ടുതന്നെയാണ്. എന്നാൽ കരുണയിൽ ഉപഗുപ്തന്റെ അനുകമ്പ കാണാ നാകുന്നില്ല എന്നത് നഗ്നമായ ഒരു സത്യം മാത്രം.

### 2.3 വാസവദത്തയുടെ രതി

'ഉപഗുപ്തൻെറ അനുകമ്പ'യാണ് കരുണയിലൂടെ ആവിഷ്ക്കരിക്കാൻ കുമാരനാശാൻ ശ്രമിച്ചത്. എങ്കിലും കരുണയിൽ സ്ഥായിയായി നിലനിൽക്കുന്നത് വാസവദത്തക്ക് ഉപ ഗുപ്തനോടുള്ള അനുരാഗമാണ്; ഭരതമുനി പറയുന്ന രതി തന്നെ. കരുണയിൽ തുടക്കം മുതൽ അവസാനം വരെ മാറാതെ നിലനില്ക്കുന്ന ഒരു ഭാവമാണ് രതി.

കരുണയുടെ ഒന്നാം ഭാഗം ആരംഭത്തിൽ തന്നെ തൻെറ പ്രണയം അറിഞ്ഞതിനുശേഷം ഉപഗുപ്തൻ വരുമെന്ന് പ്രതീക്ഷിച്ച് കാത്തിരിക്കുന്ന വാസവദത്തയെയാണ് കാണാ നാകുക. അവൾ ഉപഗുപ്തനെ കാത്തിരിക്കുന്നത് 'പൊന്നശോകം വിടർത്തിയ കുടതൻ കീഴിൽ' ആണ്. 'അശോകം' എന്ന പദത്തിന് ഇവിടെ ഒരുപാട് അർത്ഥസാധ്യതകൾ ഉണ്ട്. പതിവ്രതമാരിൽ അഗ്രഗണ്യയായ സീതാദേവി പണ്ട് രാമനെ കാത്തിരുന്നതും അശോകത്തിൻെറ ചുവട്ടിലായിരുന്നു. പവിത്രമായ രാഗത്തിൻെറ പ്രതീകമാണ് ഇവിടെ 'അശോകം' എന്ന ബിംബം. തുടർന്നുള്ള വരികളിലും അവളുടെ പ്രണയതീവ്രത വ്യക്തമാകുന്നുണ്ട്. 'അവൾ ശ്വസിക്കും രാഗം താൻ' എന്ന പ്രയോഗത്തിൽ നിന്നു തന്നെ വാസവദത്തയുടെ പ്രാണൻ പോലും ഉപഗുപ്തനുവേണ്ടിയുള്ളതായിരുന്നു എന്ന് തെളിയുന്നു.

ഉപഗുപ്തൻ തന്നെക്കാണാൻ വരാത്തത് പണമില്ലാത്തത് കൊണ്ടായിരിക്കാമെന്നും തന്നെ ഒരു വേശ്യയായിട്ടായിരിക്കാം അദ്ദേഹം കാണുന്നതെന്നും പറയുന്നതിലൂടെ വാസവദത്തക്ക് ഉപഗുപ്തനോടുള്ള സമീപനം വ്യക്തമാകുന്നുണ്ട്. ഉപഗുപ്തൻെറ

മുൻപിൽ വാസവദത്ത ഒരു വേശ്യയല്ല; കാമുകിയാണ്. വിശപ്പിന് വിഭവങ്ങൾ ഭക്ഷിക്കുന്നത് ശരീരപൂരണത്തിനാണ്. പക്ഷേ ഉപഗുപ്തൻ അവൾക്ക് വിശിഷ്ടഭോജ്യമാണ്. വിശിഷ്ടഭോജ്യം മനസ്സിനെ തൃപ്തിപ്പെടുത്തുന്നതാണ്. അവളുടെ പ്രണയം തീർത്തും ശാരീരികമല്ല.

ഉപഗുപ്തൻെറ നിരസനത്താൽ വ്യഥിതയാകുമ്പോഴും അയാളെപ്പററി കറുത്തൊരു വാക്കുപോലും പറയാൻ വാസവദത്തക്ക് സാധിക്കുന്നില്ല. 'ഉൽപ്പലബാണൻ' ,'സാധു', 'കോമളൻ', 'കൊച്ചുമുനി', എന്നിങ്ങനെയാണ് അവളുടെ സംബോധനകൾ നീളുന്നത്. ബുദ്ധനെയും തോഴിയേയും സ്വന്തം കുറവുകളെയും മാത്രമേ വാസവദത്ത പഴിക്കുന്നുള്ളൂ. ഉപഗുപ്തനെ കുററക്കാരനായി ചിത്രീകരിക്കാൻ അവൾക്ക് സാധിക്കുമായിരുന്നില്ല. ഏതു സാഹചര്യത്തിലായാലും അവളുടെ പ്രണയത്തിൽ ഒരു കുറവും സംഭവി ക്കുന്നില്ല. വേശ്യാവൃത്തി ഉപേക്ഷിക്കാതെത്തന്നെ ഒരാളെ ആത്മാർത്ഥമായി സ്നേഹിക്കാനാകുമെന്ന് തെളിയിച്ചവളാണ് വാസവദത്ത.

രണ്ടാം ഭാഗത്തിൽ പ്രണയനിഷേധം ഏററുവാങ്ങിയ വാസവദത്തയുടെ മനസ്സിന് സമാനമായ അന്തരീക്ഷമാണ് ആശാൻ ചിത്രീകരിക്കുന്നത്. ഇഹലോകത്തിൻെറ പരമാവധിയായ ഒരു ചുടുകാട്ടിലാണ് അവൾ എത്തിപ്പെട്ടിരിക്കുന്നത്. ശ്രീകൃഷ്ണൻേറയും ഗോപികമാരുടെയും പ്രണയസല്ലാപങ്ങൾകൊണ്ട് പുളകിതമായിരുന്ന പഴയ യമുനാനദീതടമല്ല അവിടെ; മറിച്ച് ശൂന്യതക്ക് കളിക്കാൻ ഒരുക്കിയിട്ടിരിക്കുന്ന കളമാണ്. കൃഷ്ണൻെറ പ്രണയലീലകൾക്ക് സാക്ഷ്യം വഹിച്ച അരയാലല്ല; മറിച്ച് ചുടലഭൂതം പോലെയുള്ള ജരഠനരയാലാണ്.അത്തരമൊരു രംഗത്തിലേക്കാണ് ഉപഗുപ്തൻ പ്രവേശിക്കുന്നത്. വാസവദത്തയുടെ പ്രണയതീവ്രത ഏററവുമധികം അനുഭവവേദ്യമാകുന്ന രംഗമാണിത്.

'ഉപഗുപ്തൻ' എന്ന ശബ്ദം കേൾക്കുമ്പോൾത്തന്നെ അവളുടെ ശരീരമാകുന്ന പിണ്ഡം അനങ്ങുകയും ദീനമായ ഒരു ശബ്ദം പുറപ്പെടുകയും ചെയ്തു. ഉപഗുപ്തൻെറ വാക്കുകൾ അവൾക്ക് മൃതസഞ്ജീവനിയായി മാറുന്നു. രക്തം എല്ലാം ഒഴുകിപ്പോയി, ശക്തി ക്ഷയിച്ച്, സിരകൾ രിക്തമായി, പ്രാണൻ അററുപോകാറായ അവസ്ഥയിൽപ്പോലും അദ്ദേഹത്തെ ഒന്നുകാണാൻ അവൾ ഏറെ യത്നിക്കുന്നുണ്ട്.

'അക്കിടപ്പിലുമവളാ യുവമുനിയെ വീക്ഷിപ്പാൻ

പൊക്കിടുന്നൂ തല,രാഗവൈഭവം കണ്ടോ!

അഥവായിവൾക്കെഴുമിബ്ഭാവബന്ധബലത്താൽ താൻ

ശിഥിലമായ തൽ പ്രാണൻ തങ്ങി നില്പതാം'

ഉപഗുപ്തനോടുള്ള അതിയായ പ്രണയമാണ് ഈ അവസ്ഥയിൽപ്പോലും അവളുടെ ജീവനെ താങ്ങി നിർത്തുന്നത്. തന്റെ അവസാനസുഗന്ധംകൂടി കാറ്റിന് കാഴ്ച്ചവെച്ച് വീണടിയുവാൻ കാത്തിരുന്ന പൂവായിരുന്നു വാസവദത്ത. ഇവിടെ രതിഭാവം

സ്പഷ്ടമായിത്തന്നെ വ്യഞ്ജിക്കപ്പെടുന്നുണ്ട്.മാത്രമല്ല വാസവദത്തക്ക് തന്നോടുണ്ടായിരുന്നത് 'അകൃത്രിമപ്രണയ'മായിരുന്നെന്ന് ഉപഗുപ്തൻ തന്നെ പറയുന്നുണ്ട്.

ഉപഗുപ്തന്റെ ദർശനം തന്നെ വാസവദത്തക്ക് തന്റെ പ്രണയത്തിന്റെ സാഫല്യമായിരുന്നു. പക്ഷേ അവൾ പ്രതീക്ഷിക്കാത്ത സ്പർശനസൗഭാഗ്യം കൂടി അവൾക്ക് ലഭിക്കുന്നു.

'എന്നലിഞ്ഞവൻ കരതാരവൾ തൻ പൂവൽനെറ്റിമേ

ലൊന്നു ചേർക്കുന്നങ്ങവൾക്കു ചീർക്കുന്നു രോമം

ഖിന്നമുഖിയാമവൾ തൻ കെടുന്ന സംജ്ഞ വിരലാ-

ലുന്നയിച്ച ദീപം പോലൊന്നുജ്ജ്വലിക്കുന്നു'

ഉപഗുപ്തന്റെ ആ മൃദുസ്പർശം അവളുടെ കെട്ടുപോകുന്ന സംജ്ഞയെപ്പോലും ഉജ്ജ്വലിപ്പിക്കുന്നുണ്ട്. ആ നിമിഷത്തിൽ തന്നെ അവൾക്ക് മോക്ഷം ലഭിച്ചുകഴിഞ്ഞിരിക്കുന്നു. ഉപഗുപ്തന്റെ ഒരു ദർശനത്തിനുവേണ്ടി മാത്രമാണ് അവൾ സ്വന്തം ജീവനെ പിടിച്ചു നിർത്തിയത്. അത് സാധിച്ചുകഴിഞ്ഞിരിക്കുന്നു.

ശരണരത്നങ്ങൾ ഉപഗുപ്തൻ കാതിലുരക്കുന്ന നിമിഷത്തിൽ അവൾക്ക് ഒരു തേജസ്സുണ്ടായി എന്നത് ശരിയാണ്. കാരണം സ്നേഹം പറയുന്നതെന്തും ആർത്തമായ മനസ്സ് സ്വീകരിക്കും. പക്ഷേ ഉപഗുപ്തൻ തന്റെ സമീപത്തിൽ നിന്നും മാറി എഴുന്നേറ്റു നിൽക്കുമ്പോൾ അവൾ പിന്നെയും വിഷമിക്കുന്നുണ്ട്. 'പരം പിന്നെയുഴന്നെങ്ങും, മിഴികളൊന്നുഴിഞ്ഞങ്ങ് 'എന്ന പ്രയോഗം അതിന് തെളിവാണ്. നിയമം ഭഞ്ജിച്ചെറിഞ്ഞ തന്റെ അംഗങ്ങൾ സാകൂതമായും നിർമ്മമതമായും നിരുദ്വേഗമായും അവൾ നോക്കുന്നത് ശരണരത്നങ്ങളുടെ ശ്രേഷ്ഠതകൊണ്ടല്ല. തന്റെ പ്രണയം സഫലമായിക്കഴിഞ്ഞ അവസ്ഥയിൽ മോക്ഷപ്രാപ്തിയിലേക്ക് ചരിച്ചുകൊണ്ടിരിക്കുന്ന അവളിൽനിന്ന് സകല ലൗകികാസക്തികളും പൊയ്പ്പോയിരിക്കുന്നു.അത് തെളിയിക്കുന്നതാണ് തുടർന്നുള്ള വരികൾ.

അവളുടെ പ്രണയസാഫല്യത്തിന്റെ നിമിഷത്തിൽ യമുനയിൽ ഇളംകാറ്റ് തിരതല്ലുകയും ശാഖചലിച്ച് അരയാലിൽ അമരസല്ലാപം കേൾക്കുകയും ചെയ്തു. ശൂന്യതക്ക് കളിപ്പാനൊരുക്കിയിട്ട കളം പോലുള്ള ആ യമുനയിൽ ഇളംകാറ്റ് തിരതല്ലിയിരിക്കുന്നു. തന്റെ അവസാനസുഗന്ധംകൂടി കാറ്റിനു നൽകാൻ കാത്തിരുന്ന മലരാണ് വാസവദത്ത. ഇവിടെ കാറ്റ് വന്നെത്തിയിരിക്കുന്നു.ആ സമയത്ത് ആദ്യം ജരഠനായിരുന്ന അരയാലിൽ അമരസല്ലാപം കേൾക്കുന്നു.ആ നിമിഷത്തിൽ പ്രകൃതിതന്നെ വാസവദത്തയുടെ മോക്ഷത്തിന് വേദിയൊരുക്കുന്നു.

### 2.4 കരുണയിലെ രസം

കരുണയിലെ സ്ഥായീഭാവം രതിയാണ്.വേശ്യയുടെ അനുരാഗത്തെയും രതിയായിത്തന്നെ പരിഗണിക്കാം എന്ന് ദണ്ഡി പറയുന്നുണ്ട്. അനുരാഗാതിശയമാണ് പ്രധാനം. കരുണയിൽ വാസവദത്തക്കുണ്ടാകുന്നതും ഉപഗുപ്തനോടുള്ള പവിത്രീകൃതമായ

രതിയാണ്. അത് 'ശൃംഗാരം'എന്ന രസമായി പരിണമിക്കുന്നു. സ്ത്രീപുരുഷൻമാർക്കുള്ള പവിത്രമായ രാഗമാണ് ശൃംഗാരം. അത് സഫലമോ വിഫലമോ ആകാം. കരുണയിൽ വാസവദത്തയുടെ അനുരാഗം സഫലമാകുന്നുണ്ട്. ഉപഗുപ്തനും വാസവദത്തയോട് രതിയുണ്ട്. തന്റെ വിരക്തിക്ക് വിഘാതമായേക്കുമോയെന്ന് ഭയന്ന് അത് പുറത്തു കാണിക്കാൻ മടിക്കുകയാണയാൾ. യഥാർത്ഥ ജീവിതത്തിൽ കുമാരനാശാനുണ്ടായിരുന്ന മനഃസംഘർഷം തന്നെയാണ് ഉപഗുപ്തനിലും കാണുന്നത്.

ഉപഗുപ്തനെ തികഞ്ഞ ആർഹതനായിക്കണ്ടുകൊണ്ടും അയാൾ വാസവദത്തക്ക് മോക്ഷം നൽകിയെന്നുമുള്ള അർത്ഥത്തിലാണ് കരിമ്പുഴ രാമകൃഷ്ണനെപ്പോലുള്ളവർ കരുണയിലെ രസം ശാന്തമാണെന്ന് പറഞ്ഞത്. പ്രൊഫ. ജോസഫ് മുണ്ടശ്ശേരി കരുണയിലെ രസം ഒരുതരം സ്നേഹമാണെന്ന് അഭിപ്രായപ്പെട്ടതും അതുകൊണ്ടുതന്നെയാണ്. കരുണയിലെ സ്ഥായീഭാവം സ്നേഹം എന്ന് വിളിക്കാവുന്ന രതിതന്നെയാണ്. പക്ഷേ അത് ഉപഗുപ്തന് വാസവദത്തയോടുള്ള അനുകമ്പയല്ല. മറിച്ച് വാസവദത്തക്ക് ഉപഗുപ്തനോടുള്ള രാഗമാണ്. പവിത്രമായ ശൃംഗാരരസം തന്നെ.

ഭരതമുനിയുടെ രസനിർവ്വചനങ്ങൾ അനുസരിച്ചും കരുണയിലെ രസം ശൃംഗാരം തന്നെയാണ്. സ്ഥായീഭാവം രതിയും. വാസവദത്തയുടെ പ്രണയചേഷ്ടകളാണ് വർണ്ണിക്കുന്നത് എന്നതുകൊണ്ടുതന്നെ ഉപഗുപ്തൻ ആലംബനവും വാസവദത്ത ആശ്രയവുമാണ്. ഉപഗുപ്തന്റെ ദർശനവും സ്പർശനവും സംഭാഷണങ്ങളും പാത്രഗതമായ ഉദ്ദീപനവിഭാവങ്ങളും യമുനയിലെ ഏകാന്തതയും ഇളംകാറ്റും ബാഹ്യമായ ഉദ്ദീപനവിഭാവങ്ങളുമാണ്. വാസവദത്തയുടെ സ്നേഹമസൃണമായ നോട്ടം, രോമാഞ്ചം, അശ്രു മുതലായവയാണ് അനുഭാവങ്ങൾ.

കരുണയിൽ ഒന്നാം ഖണ്ഡത്തിൽ ശൃംഗാരവും രണ്ടാം ഖണ്ഡത്തിൽ ബീഭത്സവും ആണ് പ്രധാനരസങ്ങൾ. ശൃംഗാരം അംഗിരസമാകുമ്പോൾ ബീഭത്സം കടന്നുവന്നാൽ രസവിരോധിത സംഭവിക്കും. പക്ഷേ വിരോധിരസത്തെ പോഷിപ്പിക്കാതിരുന്നാൽ രസവിരോധം സംഭവിക്കില്ല.

'അവിരോധി വിരോധി വാ
രസോംഗിനി രസാന്തരേ
പരിപോഷം ന നേതവ്യ-
സ്തഥാസ്യാദവിരോധിതാ'

(ആനന്ദവർദ്ധനൻ.(2008 ഃ.151)

അംഗിരസത്തിന് ഉള്ളിടത്തോളം പോഷണം അംഗത്തിനുണ്ടാവാൻ പാടില്ല. അംഗരസം തുല്യമായാലും കുഴപ്പമില്ല. കൂടിയാൽ രസവിരോധിത സംഭവിക്കും.അതിനാൽ അവിരോധി വിരോധി രസങ്ങളെ അംഗാംഗികളാക്കണം.

കരുണയിൽ ശൃംഗാരരസത്തെ പോഷിപ്പിച്ചതിനുശേഷമാണ് ബീഭത്സം പ്രത്യക്ഷപ്പെടുന്നത്. അംഗരസമായ ബീഭത്സത്തെ ശൃംഗാരത്തെയെന്നപോലെ പോഷിപ്പിക്കുന്നില്ല. ആദ്യഖണ്ഡത്തിലും അവസാനഖണ്ഡത്തിലും നിറഞ്ഞുനിൽക്കുന്നത് ശൃംഗാരരസമാണ്. ബീഭത്സം അംഗരസം മാത്രമാണ്. അതിനാൽ രസവിരോധിത സംഭവിക്കുന്നില്ല. ബീഭത്സത്തോടൊപ്പം ഭയാനകവും കരുണവും അംഗരസമായിത്തന്നെ വർത്തിക്കുന്നു.

കരുണയിൽ ശൃംഗാരരസത്തോടൊപ്പം പ്രണയസാഫല്യത്താൽ മോക്ഷം ലഭിച്ച വാസവദത്തയിൽ നിന്ന് ശമഭാവവും ഉണരുന്നുണ്ട്.അതായത് ശൃംഗാരരസത്തോളമില്ലെങ്കിലും ശാന്തരസവും കടന്നുവരുന്നുണ്ട്. രണ്ട് രസത്തിന് ഒരു പ്രബന്ധത്തിൽ ഏറെക്കുറേ തുല്യപ്രാധാന്യം വരികയും, അതിലൊന്ന് അംഗവും മറ്റേത് അംഗിയുമായിരിക്കുമ്പോൾ അംഗിയെ അപേക്ഷിച്ച് അംഗത്തിന് എന്തെങ്കിലും ഒരു ന്യൂനത ഉണ്ടായിരിക്കണം. അല്ലെങ്കിൽ അംഗരസവിരോധിത വന്നുപോകും.

‘വിരോധിനസ്തു രസസ്യാങ്ഗിരസാപേക്ഷയാ
കസ്യചിന്ന്യൂനതാ സമ്പാദനീയാ യഥാ
ശാന്തേ?ങ്ഗിനി ശൃംഗാരേവശാന്തസ്യ’

(ആനന്ദവർദ്ധനൻ, 2008 :152)

(വിരോധിയായ അംഗരസത്തിന് അംഗിരസത്തെ അപേക്ഷിച്ച് എന്തെങ്കിലും ന്യൂനത ഉണ്ടായിരിക്കേണ്ടതാണ്. എങ്ങനെ: ശാന്തം അംഗിയും ശൃംഗാരം അംഗവുമാണെങ്കിൽ ശൃംഗാരത്തിന് എന്തെങ്കിലും ഒരു ന്യൂനത വേണം. അതുപോലെത്തന്നെ ശൃംഗാരം അംഗിയായിരിക്കുമ്പോൾ ശാന്തം അംഗമാണെങ്കിൽ ശാന്തത്തിന് ന്യൂനത സമ്പാദനീയം.)

കരുണയിൽ ശാന്തം അംഗരസമാണ്. അംഗിരസമായ ശൃംഗാരത്തെ അപേക്ഷിച്ച് അംഗരസമായ ശാന്തത്തിനുള്ള ന്യൂനത അത് അംഗിരസത്തിൻെറ ഭാഗമായി ഉണ്ടാകുന്നു എന്നതാണ്. അതായത് ശൃംഗാരരസത്തിൻെറ മൂർദ്ധന്യത്തിൽ നായികയായ വാസവദത്ത ശാന്തിയിൽ ലയിക്കുകയാണ്. ശൃംഗാരത്തിൻെറ ഭാഗമായി മാത്രമാണ് ഇവിടെ ശാന്തം പ്രത്യക്ഷപ്പെടുന്നത്. അതുകൊണ്ടുതന്നെ കരുണയിലെ അംഗിരസം ശൃംഗാരമാണെന്ന് നിസ്സംശയം പറയാം.

### 3. നിഗമനങ്ങൾ

കുമാരനാശാൻെറ കരുണയിലെ അംഗിരസത്തെക്കുറിച്ച് നിരൂപകൻമാർക്കിടയിൽ ഭിന്നാഭിപ്രായങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും അത് ശാന്തമാണെ പൊതുവെ അംഗീകരിക്കപ്പെട്ടിരിക്കുന്നു. പക്ഷേ അത് ശാന്തമല്ല എന്ന് തെളിയിക്കുന്നതാണ് ഈ പഠനം .ഉപഗുപ്തൻ എന്ന ഭിക്ഷുവിൽനിന്ന് ഒരു ആർഹതനിൽനിന്നും ലഭിക്കേണ്ടതായ നീതി വാസവദത്തക്ക് ലഭിച്ചിട്ടില്ലെന്നും ആർഹതൻ എന്ന നിലയിൽ ഉപഗുപ്തൻ തീർത്തും ഒരു പരാജയമാണെന്നും ഈ പഠനം തെളിയിക്കുന്നു.പാപിനിയായി മുദ്രകുത്തപ്പെട്ട വാസവദത്തയെ നവചരിത്രവാദത്തിൻെറ സഹായത്തോടെ സമീപിച്ചുകൊണ്ട് വ്യത്യസ്ത

മായ ഒരു വീക്ഷണം പ്രദാനം ചെയ്യുവാനും ശ്രമിച്ചിട്ടുണ്ട്. കഥ നടന്ന കാലഘട്ടത്തെ ആസ്പദമാക്കി ആ കഥാപാത്രത്തെ വിലയിരുത്തുകയാണ് ചെയ്തിരിക്കുന്നത്. കഥാപാത്രങ്ങളുടെ വിശകലനത്തിലൂടെ കരുണക്ക് ഒരു പുനർവായന നടത്തുകയും തുടർന്ന് രസചർച്ച നടത്തുകയുമാണ് ഈ പ്രബന്ധത്തിലൂടെ.കാവ്യം ആസ്വദിക്കുമ്പോഴുള്ള ആത്മനിഷ്ഠമായ അംശങ്ങളും നാട്യശാസ്ത്രത്തിലെ വസ്തുനിഷ്ഠമായ അംശങ്ങളും സമ്മേളിച്ചുകൊണ്ട് കരുണയിലെ അംഗിരസം ശൃംഗാരമാണെന്ന് തെളിയിച്ചിരിക്കുന്നു.

## സഹായകഗ്രന്ഥങ്ങൾ


1. *അച്യുതനുണ്ണി ചാത്തനാത്ത്, ഭാരതീയസാഹിത്യദർശനം. ശുകപുരം: വള്ളത്തോൾ വിദ്യാപീഠം, 2005*
2. *ആനന്ദവർദ്ധനൻ, ധ്വന്യാലോകം, പരി., സി.വി. വസുദേവഭട്ടതിരി. 2-ാം പ. തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2008*
3. *കുമാരനാശാൻ. കരുണ. തോന്നയ്ക്കൽ: കുമാരനാശാൻ ദേശീയ സാംസ്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, 2005*
4. *ഗോപിനാഥൻ, എ. ആശാനും ഭാരതീയ ദർശനങ്ങളും, കോട്ടയം: ഡി.സി. ബുക്സ്, 1993*
5. *ജോസഫ്, മുണ്ടശ്ശേരി. മാറ്റൊലി. 4-ാംപ. തൃശ്ശൂർ: മംഗളോദയം പ്രൈവറ്റ് ലിമിറ്റഡ്, 1956*
6. *നരേന്ദ്രൻ,കെ.എം സംവാദം.തൃശ്ശൂർ:മലയാളപഠനഗവേഷണകേന്ദ്രം,2002*
7. *പവനൻ, സി.പി. രാജേന്ദ്രൻ. ബൗദ്ധസ്വാധീനം കേരളത്തിൽ. കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2008*
8. *ഭരതമുനി. നാട്യശാസ്ത്രം. വാ. 1, 2,. വിവ., കെ.പി. നാരായണ പിഷാരടി. തൃശ്ശൂർ: കേരളസാഹിത്യ അക്കാദമി,1997*
9. *രാമകൃഷ്ണൻ, കരിമ്പുഴ. ആശാൻ കവിതയും മറ്റും. കോഴിക്കോട്: കരിമ്പുഴ രാമൻ മെമ്മോറിയൽ പബ്ലിഷിംഗ് ഹൗസ്,1983*
10. *ശ്രീബുദ്ധൻ. ധർമ്മപദം. വിവ., മാധവൻ അയ്യപ്പത്ത്. 2-ാം പ. തൃശ്ശൂർ: കറന്റ് ബുക്സ്, 2007*